പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1965

07.03.2017-ൽ
മറുപടിക്ക്

## ലിജോയ്ക്ക് ബൈക്ക് അനുവദിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ബി.ഡി.ദേവസ്സി** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) 2015 ലെ മൂർക്കനാട് സംഭവത്തെ തുടർന്ന് അന്നത്തെ ഇരിങ്ങാലക്കുട എസ്. ഐ. ആയിരുന്ന ശ്രീ. ജിജോ എം.ജെ. യുടെ വെറ്റിലപ്പാറയിലുള്ള വീട് ആക്രമിക്കുകയും ഇദ്ദേഹത്തിന്റെ സഹോദരനും വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറുമായിരുന്ന ശ്രീ എം. ജെ. ലിജോയുടെ ബൈക്ക് കത്തിക്കുകയും ചെയ്ത കേസിനെ തുടർന്ന് എം. ജെ. ലിജോയ്ക്ക് പുതിയ ബൈക്ക് അനുവദിക്കുമെന്ന അന്നത്തെ ആഭ്യന്തരമന്ത്രി നൽകിയ ഉറപ്പ് ഇനിയും നടപ്പാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ശ്രീ. ലിജോയ്ക്ക് ബൈക്ക് ഉടൻ അനുവദിച്ച് കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | ഇരിങ്ങാലക്കുട എസ്. ഐ. ആയിരുന്ന ശ്രീ. ജിജോ എം.ജെ. യുടെ സഹോദരനും വെള്ളിക്കുളങ്ങര പോലീസ് സ്റ്റേഷനിൽ സിവിൽ പോലീസ് ഓഫീസറുമായിരുന്ന ശ്രീ. എം.ജെ.ലിജോയുടെ നശിപ്പിക്കപ്പെട്ട ബൈക്കിനുപകരം പുതിയ ബൈക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട്, നശിപ്പിക്കപ്പെട്ട ബൈക്കിന്റെ കാലപ്പഴക്കം അനുസരിച്ച് നിലവിലുള്ള തുക നിശ്ചയിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ